"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

കൃഷി വകുപ്പ് - കാർഷിക വികസന കർഷക ക്ഷേമ വകുപ്പിലെ ഡ്രൈവർ തസ്തിക - അന്തിമ സീനിയോറിറ്റി ലിസ്റ്റ് പുനഃക്രമീകരിച്ച് ഉത്തരവ് പുറപ്പെടുക്കുന്നു.

**കൃഷി(ഫാംസ്) വകുപ്പ്**

സ.ഉ.(സാധാ) നം.255/2023/AGRI   തീയതി,തിരുവനന്തപുരം, 15-03-2023

പരാമർശം:- 1. 17.06.2022 - ലെ കാർഷിക വികസന കർഷക ക്ഷേമ വകുപ്പ് ഡയറക്ടറുടെ ADFW/1472/2020-SH2 നമ്പർ കത്ത്

**ഉത്തരവ്**

കാർഷിക വികസന കർഷക ക്ഷേമ വകുപ്പിലെ ഡ്രൈവർ തസ്തികയിലെ **01.01.2015** മുതൽ **31.09.2019** വരെയുള്ള താൽക്കാലിക സീനിയോറിറ്റി ലിസ്റ്റ് കാർഷിക വികസന കർഷക ക്ഷേമ വകുപ്പ് ഡയറക്ടറുടെ **26.02.2021**-ലെ സർക്കുലർ പ്രകാരവും അന്തിമ സീനിയോറിറ്റി ലിസ്റ്റ് **05.07.2021**-ലെ സർക്കുലർ പ്രകാരവും കൃഷി വകുപ്പിന്റെ വെബ് സൈറ്റിൽ പ്രസിദ്ധീകരിച്ചിരുന്നുവെന്നും, താൽക്കാലിക സീനിയോറിറ്റി ലിസ്റ്റ് വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ച് പരാതി സമർപ്പിക്കുന്നതിനായി നൽകിയിരുന്ന **15** ദിവസത്തിനകമോ അതിനുശേഷമോ പരാതിയൊന്നും ലഭിച്ചിരുന്നില്ലന്നും അതിനാൽ അന്തിമ സീനിയോറിറ്റി ലിസ്റ്റ് പ്രസിദ്ധീകരിച്ചുവെന്നും ശേഷം അന്തിമ സീനിയോറിറ്റി ലിസ്റ്റിൽ ക്രമ നമ്പർ **15** ആയി ഉൾപ്പെട്ട ശ്രീ. സക്കീർ ഹുസൈൻ ടിയാന്റെ സീനിയോറിറ്റി ലിസ്റ്റിലെ ക്രമ നമ്പർ **13** ആണെന്നും ആയതു ക്രമീകരിക്കുന്നതിന് അനുമതി നൽകണമെന്നും കാർഷിക വികസന കർഷക ക്ഷേമ വകുപ്പ് ഡയറക്ടർ പരാമർശിത കത്ത് പ്രകാരം അഭ്യർത്ഥിച്ചിരുന്നു . ടി ജീവനക്കാരന്റെ പരാതിയുടെ അടിസ്ഥാനത്തിൽ അന്തിമ സീനിയോറിറ്റി ലിസ്റ്റ് പരിശോധിച്ചപ്പോൾ ചുവടെ ചേർത്തപ്രകാരം മാറ്റം വരുത്തേണ്ടതായി ശ്രദ്ധയിൽപ്പെട്ടുവെന്നും കാർഷിക വികസന കർഷക ക്ഷേമ വകുപ്പ് ഡയറക്ടർ റിപ്പോർട്ട് ചെയ്തിരിക്കുന്നു .

| ക്രമ നം | നിലവിലെ സീനിയോറിറ്റി | ക്രമ നം | മാറ്റം വരുത്തേണ്ടത് |
|---|---|---|---|
| 13 | ശ്രീ. അജേഷ് ബി | 13 | ശ്രീ. സക്കീർ ഹുസൈൻ |
| 14 | ശ്രീ. മുരളീധരൻ സി | 14 | ശ്രീ. അജേഷ് ബി |
| 15 | ശ്രീ. സക്കീർ ഹുസൈൻ | 15 | രീ.മുരളീധരൻ.സി |

**2.** സീനിയോറിറ്റി ലിസ്റ്റ് പുനഃക്രമീകരിക്കുന്നതിനായി ശ്രീ. സക്കീർ ഹുസൈൻ , ശ്രീ. അജേഷ് ബി. , ശ്രീ. മുരളീധരൻ സി. എന്നിവരെ **16.02.2023** നു ഹിയറിങ് നടത്തിയപ്പോൾ , ഡ്രൈവർ സംബന്ധമായ ജോലി ചെയ്യുന്ന ജീവനക്കാരനായതിനാലും സർവ്വീസ് കാര്യങ്ങളിലെ അറിവില്ലായ്മ കാരണവുമാണ് സീനിയോറിറ്റി ലിസ്റ്റിലെ അപാകത സംബന്ധിച്ച് നിശ്ചിത കാലയളവിനുള്ളിൽ പരാതി സമർപ്പിക്കാതിരുന്നതെന്നു

ശ്രീ. സക്കീർ ഹുസൈനും അപാകത പരിഹരിച്ചു സീനിയോറിറ്റി ലിസ്റ്റിലെ നമ്പർ യഥാക്രമം 14 ഉം 15 ഉം ആകുന്നതിൽ ശ്രീ. അജേഷ് ബി യ്ക്കും .ശ്രീ. മുരളീധരൻ സി യ്ക്കും എതിരഭിപ്രായമില്ലന്നും ഹിയറിങ് വേളയിൽ ബോധിപ്പിക്കുകയുണ്ടായി.

3. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. കാർഷിക വികസന കർഷക ക്ഷേമ വകുപ്പിലെ ഡ്രൈവർ തസ്തികയുടെ അന്തിമ സീനിയോറിറ്റി ലിസ്റ്റ് ചുവടെ ചേർക്കുന്ന പ്രകാരം പുനഃക്രമീകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നതിന് കാർഷിക വികസന കർഷക ക്ഷേമ വകുപ്പു ഡയറക്ടർക്ക് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

| പുതുക്കിയ ക്രമ നമ്പർ | പേര് | PSC അഡ്വൈസ് തിയതി |
|---|---|---|
| 13 | ശ്രീ. സക്കീർ ഹുസൈൻ | 23/12/2016 |
| 14 | ശ്രീ. അജേഷ് ബി. | 23/02/2017 |
| 15 | ശ്രീ. മുരളീധരൻ സി | 17/06/2017 |

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ബിജുകുമാർ ബി റ്റി
ഡെപ്യൂട്ടിസെക്രട്ടറി

ഡയറക്ടർ, കാർഷിക വികസന കർഷക ക്ഷേമ വകുപ്പ്, തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്/എ & ഇ), കേരള, തിരുവനന്തപുരം
വെബ് & ന്യൂ മീഡിയ (ഔദ്യോഗിക വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)
കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

Signed by
Krishna Kumar V
സെക്ഷൻ ഓഫീസർ
Date: 16-03-2023 10:52:59